22103219

**QP CODE: 22103219**

**Reg No :** .....................

**Name :** .....................

## B.A DEGREE (CBCS) REGULAR / IMPROVEMENT / REAPPEARANCE EXAMINATIONS, OCTOBER 2022

### Second Semester

### Core Course - ML2CRT02 - മലയാളകവിത - എഴുത്തച്ഛൻ മുതൽ കവിത്രയം വരെ

(Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing, B.A Malayalam Language and Literature Model II Copy Writing)

**For Regular Candidates: 2017 Admission Onwards**

**For Private Candidates : 2021 Admission Only**

4CCF2F06

Time: 3 Hours | Max. Marks : 80

***Instructions to Private candidates only:*** *This question paper contains* ***two*** *sections. Answer* ***SECTION I*** *questions in the answer-book provided.* ***SECTION II****, Internal examination questions must be answered in the question paper itself. Follow the detailed instructions given under* ***SECTION II***

### SECTION I

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും* ***പത്തു*** *ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും* ***2*** *മാർക്ക് വീതം.*

1. ആത്മാനുതാപം പാഠഭാഗത്തിന്റെ പ്രമേയമെന്ത് ?
2. മുക്തകങ്ങളുടെ സുവർണ്ണ കാലം ഏതായിരുന്നു ?
3. കവിരാമായണം പാഠഭാഗത്തിൽ ഏതെല്ലാം കവികളെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്?
4. പാക്കനാർ ഏതു പ്രസ്ഥാനത്തിൽപെട്ട കാവ്യമാണ് ?
5. ലീലയിലെ നായികാനായകന്മാർ ആരെല്ലാം ?
6. എഴുത്തച്ഛന്റെ കൃതികളുടെ പൊതുസ്വഭാവം എന്ത് ?
7. അർണോസ് പാതിരിയുടെ നിഘണ്ടുക്കൾ ഏതെല്ലാം ?
8. ശ്രീ നാരായണ ഗുരുവിന്റെ പ്രധാനകൃതികൾ ഏതെല്ലാം ?

9. കുണ്ടൂരിന്റെ നാലുഭാഷാ കാവ്യങ്ങൾ ഏതെല്ലാം ?

10. കെ.സി കേശവപിള്ളയുടെ പ്രധാന കൃതികൾ ഏതെല്ലാം ?

11. ആശാന്റെ പ്രധാനപ്പെട്ട ആറു ഖണ്ഡകാവ്യങ്ങളുടെ പേരെഴുതുക

12. ഉള്ളൂരിന്റെ കൃതികളെ ശ്രദ്ധേയമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.*

13. പുത്തൻ പാന പന്ത്രണ്ടാം പാദത്തിന്റെ സാഹിത്യപരമായ മേന്മകൾ എന്തെല്ലാം ?

14. മുഹ്യിദ്ദീൻമാല എന്ന പേരു നല്കാനുള്ള കാരണമെന്ത് ?

15. നിലയേറെ കലർന്നുച്ചനിലയാർന്നുള്ളൊരിപ്പുരം വിണ്ണിനോടുള്ള സംഘർഷം വിശദം വിവരിച്ചുതേ- വിവരിച്ച വസ്തുതകൾ എന്തെല്ലാം ?

16. ആ മഹാവിഷ്ണുവിൻ പ്രേയസിക്കെങ്ങനെ പൂമകളെന്നൊരു പേരു വന്നു ? സന്ദർഭം വിശദമാക്കുക ?

17. ആ നാട്ടെഴുത്തച്ഛനു ജന്മഭൂവാം തുഞ്ചൻപറമ്പേ വിജയിക്ക മേന്മേൽ സന്ദർഭവും സാരസ്യവും വിശദമാക്കുക ?

18. വാര്യരെയും അദ്ദേഹത്തിന്റെ കാവ്യത്തെക്കുറിച്ചും നിലനിൽക്കുന്ന ഐതിഹ്യമെന്ത് ?

19. വെണ്മണി കവികളിലെ പ്രമുഖ കവി എന്ന നിലയിൽ വെണ്മണിമഹനെ വിലയിരുത്തുക

20. വ്യംഗ്യമാകുന്ന കൺകെട്ടോ ശബ്ദം കൊണ്ടുള്ള വെടിക്കെട്ടോ ഇല്ലാതെ ജീവിതത്തെപ്പറ്റിയുള്ള ജീവനുള്ള കവിത സൃഷ്ടിക്കുകയാണ് പൂന്തോട്ടത്ത് അച്ഛൻ- ചർച്ചചെയ്യുക.

21. ജീവിച്ചിരുന്ന കാലഘട്ടത്തിൽ അഖിലകേരള പ്രശസ്തി നേടിയ കവിയായിരുന്നു മൂലൂർ. എന്തുകൊണ്ട് ?

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. എഴുത്തച്ഛൻ കൃതികളിലെ തത്ത്വചിന്തയും ഭാഷയുടെ ലാളിത്യവും മാധുര്യവുമാണ് കൃതികകളെ ജനപ്രിയമാക്കിയത്- ഈ അഭിപ്രായത്തിന്റെ സാധ്യത ചർച്ചചെയ്യുക.

23. സാഹിത്യനഭസ്സിലെ കൊള്ളിമീൻ എന്ന വിശേഷപ്പിക്കപ്പെട്ട വിലാപകാവ്യമാണ് ഒരു വിലാപം - വിശദമാക്കുക.

24. ജീവിതഗന്ധിയായ കാവ്യങ്ങൾ രചിച്ച വ്യക്തി എന്ന നിലയിൽ ചാവറയച്ചനെ വിലയിരുത്തുക.

25. വിലാപകാവ്യങ്ങളുടെ സാഹിത്യപരമായ മൂല്യം വിലയിരുത്തുക.

(2×15=30)